# വിവാഹം ആഘോഷമാണ്

عَنْ إبن عبّاسِ رَضِيَ اللَّهُ عَنْهُ: زَوَّجَتْ عائِشَةُ ذات قَرابَةٍ لَهَا مِنَ الأَنْصَارِ، فَجَاءَ رَسُولُ اللَّهِ ﷺ فَقَالَ: "أَهَدَيْتُمُ الفَتَاةَ؟ قَالُو: نَعَمْ. قَالَ: أَرْسَلْتُمْ مَعَهَا مَنْ يُغَنِّي؟ قَالَتْ: لاَ. فَقَالَ رَسُولُ اللَّهِ ﷺ: إِنَّ الأَنْصَارَ قَوْمٌ فِيهِمْ غَزَلٌ، فَلَوْ بَعَثْتُمْ مَعَهَا مَنْ يَقُولُ أَتَيْنَاكُمْ أَتَيْنَاكُمْ، فَحَيُّونَا نُحَيِّيكُمْ وَلَوْلاَ الذَّهَبُ الْأَحْمَرُ مَا حَلَّتْ بِوَادِيكُمْ وَلَوْلاَ الحَبَّةُ السَّمْرَاءُ لَمْ تَسْمَنْ عَذَارِيكُمْ (إِبنُ ماجة).

ഇബ്നു അബ്ബാസി(റ)ൽനിന്ന് നിവേദനം: ആഇശ(റ) അവർക്ക് ബന്ധമുണ്ടായിരുന്ന അൻസ്വാരി പെൺകുട്ടിയെ വിവാഹം ചെയ്തു കൊടുത്തു. അപ്പോൾ നബി(സ) അവരുടെ അടുത്ത് വന്നു ചോദിച്ചു: “നിങ്ങൾ വധുവിന് സമ്മാനങ്ങൾ നൽകിയോ?” “അതെ” എന്ന് അവർ മറുപടി പറഞ്ഞു. റസൂൽ(സ) ചോദിച്ചു: “പാട്ടു പാടുന്നവരെ അവരോടൊപ്പമയച്ചോ?” “ഇല്ല”-ആഇശ(റ) പറഞ്ഞു. പ്രവാചകൻ: അൻസ്വാറുകൾ കവിത്വമുള്ളവരാണ്. അതിനാൽ വധുവോടൊത്ത് ഇങ്ങനെ പാടുന്നവരെ അയച്ചിരുന്നുവെങ്കിൽ: ‘ഞങ്ങളിതാ വരുന്നു, ഞങ്ങളിതാ വരുന്നു. നിങ്ങൾ ഞങ്ങളെ അഭിവാദ്യം ചെയ്യുക. ഞങ്ങൾ നിങ്ങളെയും അഭിവാദ്യം ചെയ്യാം. ചെങ്കനകമില്ലായിരുന്നുവെങ്കിൽ അവൾ നിങ്ങളുടെ ഈ താഴ്വരയിലെത്തുമായിരുന്നില്ല. ഗോതമ്പില്ലായിരുന്നുവെങ്കിൽ നിങ്ങളുടെ കന്യകമാർ തടിച്ചുകൊഴുക്കുമായിരുന്നില്ല’ (ഇബ്നുമാജ).

**വി**വാഹവേള ആഘോഷ സന്ദർഭം കൂടിയാണ്. ഭക്ഷണവും വിനോദ പരിപാടികളും ഏതാഘോഷത്തിന്റെയും പ്രത്യക്ഷ ഘടകങ്ങളുമാണ്. നിയന്ത്രണങ്ങളോടെ വിവാഹ വേളയിൽ ഇസ്‌ലാം അതനുവദിച്ചിട്ടുണ്ട്. വിവാഹ ദിവസം വധുവിനെ വരന്റെ അടുത്തേക്ക് കൊണ്ടുപോകുമ്പോൾ പാട്ടുപാടാനും അവർക്ക് സമ്മാനങ്ങൾ നൽകാനും ആവശ്യപ്പെടുന്ന ഈ നബിവചനം വിവാഹത്തിന്റെ ആഘോഷപരതയെയാണ് അടയാളപ്പെടുത്തുന്നത്. ദഫ്മുട്ടും കുട്ടികളുടെ പാട്ടുമെല്ലാം ചേർന്ന ആഘോഷം തന്നെയായിരുന്നു റസൂലിന്റെ കാലത്തെ മിക്ക വിവാഹങ്ങളും. ഈ ഹദീസ് വിശദീകരിക്കുന്നിടത്ത് വിവാഹം, പെരുന്നാളുകൾ, കുഞ്ഞിന്റെ ജനനം ഉൾപ്പെടെയുള്ള സന്തോഷ സന്ദർഭങ്ങളിലെല്ലാം ദഫ്മുട്ടും പാട്ടുമൊക്കെ ആവാമെന്ന് പണ്ഡിതന്മാർ വ്യക്തമാക്കിയിട്ടുണ്ട്. പാട്ടിന്റെ ഉള്ളടക്കവും അവതരണശൈലിയും ഇസ്‌ലാമിക വിരുദ്ധമാവരുതെന്ന നിബന്ധന പാലിക്കണമെന്ന് മാത്രം. അസ്അദ്(റ)ന്റെ മകൾ ഫരീഅയെ ഹബീബുബ്നു ജാബിറുൽ അൻസ്വാരി വിവാഹം ചെയ്യുന്ന വേളയിൽ നബി(സ) ആഇശ(റ)യോട് ചോദിച്ചു: “ആഇശാ, നിങ്ങളോടൊത്ത് പാട്ടില്ലാത്തതെന്ത്? അൻസ്വാറുകൾക്ക് പാട്ട് ഇഷ്ടമാണല്ലോ” (ബുഖാരി, അഹ്മദ്).

ദഫ്മുട്ടും പാട്ടും മാത്രമല്ല വിവാഹ ദിനത്തിൽ റസൂൽ പ്രോത്സാഹിപ്പിച്ചത്. വധുവിന് സമ്മാനങ്ങൾ നൽകാനും നബി(സ) ആവശ്യപ്പെട്ടിരുന്നു. വിനോദ പരിപാടികൾ കഴിഞ്ഞാൽ രുചികരമായ ഭക്ഷണമാണ് ആഘോഷത്തിന്റെ മറ്റൊരടയാളം. വലീമത്ത് അഥവാ വിവാഹ സദ്യയൊരുക്കി കുടുംബക്കാരെയും സുഹൃത്തുക്കളെയും അതിലേക്ക് ക്ഷണിക്കാനും റസൂൽ(സ) ആവശ്യപ്പെട്ടിട്ടുണ്ട്. അബ്ദുറഹ്മാനുബ്നു ഔഫ്(റ) വിവാഹിതനായപ്പോൾ നബി(സ) അദ്ദേഹത്തോട് പറഞ്ഞു: “ഒരാടിനെയെങ്കിലും അറുത്ത് താങ്കൾ വിവാഹസദ്യ നൽകുക” (ബുഖാരി, മുസ്‌ലിം).

സ്വഹാബികളോട് വിവാഹസദ്യ നൽകാൻ ആവശ്യപ്പെടുക മാത്രമല്ല റസൂൽ(സ) ചെയ്തത്. മറിച്ച് തന്റെ വിവാഹ സന്ദർഭങ്ങളിൽ സാമ്പത്തിക ശേഷിയുള്ളപ്പോഴെല്ലാം അദ്ദേഹം സ്വഹാബികൾക്ക് വലീമത്ത് നൽകുകയും ചെയ്തിട്ടുണ്ട്. സൈനബി(റ)നെയും സ്വഫിയ(റ)യെയും നബി(സ) വിവാഹം ചെയ്ത ദിവസങ്ങളിലും മകൾ ഫാത്വിമയെ അലി(റ)ക്ക് വിവാഹം കഴിച്ചുകൊടുത്തപ്പോഴുമെല്ലാം വിവാഹസദ്യ നൽകിയതായി ഹദീസുകളിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ന്യായമായ കാരണങ്ങളില്ലെങ്കിൽ വിവാഹ സൽകാരത്തിനുള്ള ക്ഷണം നിരസിക്കരുതെന്നും നബി(സ) ആവശ്യപ്പെട്ടിട്ടുണ്ട്: “നിങ്ങളിലാരെങ്കിലും വിവാഹ സൽക്കാരത്തിന് ക്ഷണിക്കപ്പെട്ടാൽ അതു സ്വീകരിക്കുക തന്നെ വേണം” (മുസ്‌ലിം, അബൂദാവൂദ്). എന്നാൽ വിവാഹസദ്യ ഒരുക്കുന്നവർ പ്രവാചകന്റെ ഒരു ജാഗ്രതാ വചനം ശ്രദ്ധിക്കേണ്ടതുണ്ട്. ആളുകളെ സമ്പത്തിന്റെയോ മറ്റോ അടിസ്ഥാനത്തിൽ ഗ്രൂപ്പുകളാക്കി തിരിച്ച് പ്രത്യേകം സദ്യകളും വ്യത്യസ്ത പന്തികളുമൊരുക്കുന്നത് ഇസ്‌ലാമികമല്ല. അബൂഹുറയ്റ(റ)യിൽനിന്ന് നിവേദനം: നബി(സ) പറഞ്ഞു: “ഭക്ഷണത്തിൽ ഏറ്റവും ദുഷിച്ചത് സമ്പന്നർ ക്ഷണിക്കപ്പെടുകയും ദരിദ്രർക്കു നിഷേധിക്കപ്പെടുകയും ചെയ്യുന്ന സൽക്കാരത്തിന്റെ ആഹാരമത്രേ” (ബുഖാരി, മുസ്‌ലിം).

ഒരു നേരത്തെ മാന്യമായ ഭക്ഷണത്തിനപ്പുറം വ്യത്യസ്ത മാംസമത്സ്യാദികളുടെയും വൈവിധ്യമാർന്ന ബിരിയാണികളുടെയും പ്രദർശന മേളയാക്കി വിവാഹവേദികൾ ആർഭാടത്തിന്റെയും ധൂർത്തിന്റെയും ‘ഫുഡ്ഫെസ്റ്റിവൽ’ ആക്കാൻ പാടില്ല. അതിന് ഇസ്‌ലാമിക ന്യായങ്ങളില്ല. പക്ഷേ, ഒരു നേരത്തെ ഭക്ഷണം നൽകാൻ സാമ്പത്തികമായി ശേഷിയുണ്ടായിട്ടും നാരങ്ങവെള്ളമോ, ചായയും ബിസ്ക്കറ്റുമോ മാത്രം നൽകി, ഇസ്‌ലാമികമായ മാതൃക ഇതാണ് എന്നുപറയുന്ന ‘ലാളിത്യ തീവ്രത’ക്കും പ്രവാചക മാതൃകയില്ല.

ലളിതവും എന്നാൽ സുന്ദരവുമാണ് ഇസ്‌ലാമിലെ വിവാഹ ചടങ്ങുകൾ. ഗൗരവമുറ്റിയ സെമിനാർ ഹാളുകൾ പോലെ ആയിക്കൂടാ വിവാഹവേദികൾ. പവിത്രവും മഹിതവുമായ വിവാഹവേദിയെ വികൃതമാക്കിക്കൊണ്ട് പുതുതായി കടന്നുവന്ന സ്ത്രീധനമടക്കമുള്ള അനാചാരങ്ങളെയും ആർഭാടങ്ങളെയും തിരസ്കരിച്ചും നമുക്ക് നഷ്ടപ്പെട്ട അനുവദനീയമായ വിനോദങ്ങളെ തിരിച്ചുപിടിച്ചും ആ മനോഹാരിത നാം വീണ്ടെടുക്കേണ്ടിയിരിക്കുന്നു. ■